K23U 4026

Reg. No. : ...............................

Name : ...................................

**I Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2023**

**(2019 Admission Onwards)**

**CORE COURSE IN MALAYALAM**

**1B01 MAL : മലയാള കവിത – ആധുനികം : ആധുനികാനന്തരം**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) മരണത്തെയും മധുരീകരിക്കുന്ന പ്രണയാവസ്ഥയുടെ ആവിഷ്കാരമാണ് അങ്ങനെയിരിക്കെ മരിച്ചു പോയ ഞാൻ/നീ എന്ന കവിത – പരിശോധിക്കുക.

2) പാരമ്പര്യത്തിന്റെ ഈടുവെപ്പുകളെ ചൊല്ലിയുള്ള നഷ്ടബോധവും പുതുയുഗത്തിന്റെ പിറവിയിലുള്ള അഭിമാന ബോധവും ഒരേ സമയം പ്രകടിപ്പിക്കുന്ന കവിതയാണ് യുഗപരിവർത്തനം. ചർച്ച ചെയ്യുക.

3) അഹിംസയും മാതൃത്വവുമാണ് 'ബിംബിസാരന്റെ ഇടയനി'ലെ പ്രതിപാദ്യ വിഷയം – വിലയിരുത്തുക.

4) ദൈവദശകത്തിലൂടെ നാരായണഗുരു അവതരിപ്പിക്കുന്ന ദൈവ സങ്കല്പത്തെക്കുറിച്ച് ഉപന്യസിക്കുക.

II. **150** വാക്കിൽ കവിയാതെ ആറ് ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **(4×3=12)**

5) 'ശ്രീഭൂവിലസ്ഥിരമസംശയം' എന്ന ആശയം 'വീണപൂവി'ൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെ ? വിവരിക്കുക.

6) പുതുമാതിരിയിൽ തീർത്ത ഭൂതകണ്ണാടിയിലൂടെ കവി കാണുന്ന ചരാചര ക്കാഴ്ചകൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.

P.T.O.



7) സൗന്ദര്യാവിഷ്കാരത്തിന്റെ പാരമ്യമാണ് ചങ്ങമ്പുഴക്കവിത – 'ആ പൂമാല' എന്ന കവിതയെ മുൻനിർത്തി സമർത്ഥിക്കുക.

8) ഭക്തിയും പ്രണയവും ഒരുമിച്ച് ചേരുന്ന അപൂർവാനുഭവമാണ് സച്ചിദാനന്ദന്റെ അക്കമൊഴിയുന്നു എന്ന കവിത – സ്വാഭിപ്രായം വ്യക്തമാക്കുക.

9) വാക്കും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കൂടി ചർച്ച ചെയ്യുന്ന കവിതയാണ് ആലപ്പുഴ വെള്ളം. വിമർശനാത്മകമായി വിലയിരുത്തുക.

10) മാഞ്ഞുപോയ മനോഹരമായ പ്രണയകാലത്തിന്റെ ഓർമയാണ് കവി 'മാഞ്ഞു മറഞ്ഞ പൂക്കാല'ത്തിലൂടെ വീണ്ടെടുക്കുന്നത് – സമർത്ഥിക്കുക.

III. **100** വാക്കിൽ കവിയാതെ ആറ് ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **(4×2=8)**

11) "ഹന്ത സൗന്ദര്യമേ നാരിതൻ മെയ് ചേർന്നാ –
ലെന്തെന്തു സൗഭാഗ്യം സാധിക്കാ നീ" – സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.

12) "പിപീലിക വിളങ്ങുന്നു
ബ്രഹ്മദേവന് തുല്യമായ്
മൺപുറ്റു വിലസീടുന്നു
മഹാമേരുവിന്നൊപ്പമായ്" – സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.

13) "ബിരിയാണി ഒരു മനുഷ്യത്തീറ്റ മാത്രമല്ല" – എന്ന കാവ്യ പ്രസ്താവന വിശദീകരിക്കുക.

14) "തന്നിലക്കുമ്പിൾ മലരാൽ നിറച്ചോരാ
പൊന്നോണ നാളുകൾ തിരിച്ചു വരില്ലിനി". എന്തുകൊണ്ട് ?

15) മറിയത്തിന്റെ മനപരിവർത്തനം വള്ളത്തോൾ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു ?

16) "മൊട്ടിടാൻ വൈകിയൊരാ
മുറ്റത്തെ മുല്ലയ്ക്കപ്പോൾ
ഉച്ചിയിൽ പോലും പൂക്കൾ
എന്നെപ്പോൽ ചിരിച്ചിടും". എപ്പോൾ ? കാരണമെന്ത് ?



IV. ആറ് ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) "ഇല്ലല്ലോ നിനക്കേകുവാനൊരു
ചില്ലിക്കാശുമെൻ കൈവശം" – ഏതു കവിതയിലെ വരികൾ ?

18) കുറിപ്പെഴുതുക – കുമാരനാശാൻ.

19) തടാക തീരത്ത് എന്ന കവിതയ്ക്ക് ഒരു ലഘു ആമുഖം തയ്യാറാക്കുക.

20) 'അവനി വാഴ്വ് കിനാവ് കഷ്ടം' എന്ന് പറയാൻ കാരണമെന്ത് ?

21) ശിവതാണ്ഡവം എന്ന കവിതയെക്കുറിച്ച് ഒരു ലഘു കുറിപ്പ് എഴുതുക.

22) ആലപ്പുഴക്കാരിയായ കവിയോട് കവിതയിൽ വെള്ളം എന്ന് എഴുതിയാൽ പോരേ എന്ന് ചോദിച്ചത് ആര് ? എന്ത് കൊണ്ട് ?

---